**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 295** **27-06-2024 - ൽ മറുപടിയ്ക്ക്**

**വിദേശ രാജ്യങ്ങളിലേക്കുള്ള വിദ്യാർത്ഥി കുടിയേറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ചാണ്ടി ഉമ്മൻ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തു നിന്നും വിദേശ രാജ്യങ്ങളിലേക്കുള്ള വിദ്യാർത്ഥികളുടെ കുടിയേറ്റം അഞ്ചു വർഷത്തിനുള്ളിൽ ഇരട്ടിയായി എന്നത് ഗൗരവമേറിയ വിഷയമായി കണക്കാക്കിയിട്ടുണ്ടോ; | (എ) | ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്റ്റുഡന്റ് മൊബിലിറ്റിയിൽ ദൃശ്യമായ മാറ്റങ്ങൾ പഠിക്കുവാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ, പ്രൊഫ.ഗോപിനാഥ് രവീന്ദ്രൻ (വൈസ് ചാൻസലർ, കണ്ണൂർ യൂണിവേഴ്സിറ്റി), അദ്ധ്യക്ഷനായ ഒരു സമിതി "Committee on Student Mobility and Expectations" രൂപീകരിച്ചു പ്രവർത്തിച്ചുവരികയാണ്. ഗോപിനാഥ് രവീന്ദ്രൻ കമ്മിറ്റിയുടെ അന്തിമറിപ്പോർട്ട് വരുന്ന മുറയ്ക്ക് വിശദമായ പരിശോധന നടത്താവുന്നതാണ്. |
| (ബി) | ഉന്നത വിദ്യാഭ്യാസ രംഗത്തെ മൂല്യത്തകർച്ചയും, വിദ്യാർത്ഥി സംഘടനകൾ നടത്തുന്ന അതിക്രമങ്ങളും പ്രസ്തുത കുടിയേറ്റത്തിന് കാരണമാകുന്നുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിദ്യാർത്ഥി കുടിയേറ്റം ഒരു ആഗോള പ്രതിഭാസമാണ്. തുടർപഠനത്തിനും തൊഴിലിനും വേണ്ടി വിദ്യാർത്ഥികൾ ഇന്ത്യയിൽ നിന്ന് വിവിധ വിദേശരാജ്യങ്ങളിലേയ്ക്ക് കുടിയേറുന്നതായി വിവിധ റിപ്പോർട്ടുകൾ പുറത്ത് വരുന്നുണ്ട്. (eg. India Migration Report) ഇത് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും സ്ഥാപനങ്ങളിലും പ്രകടമാണ്. ഇത്തരം ഒരു സാഹചര്യത്തിൽ കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവുമായി ബന്ധപ്പെട്ട ചുവടെ ചേർക്കും പ്രകാരമുള്ള സമഗ്ര പരിഷ്കാരങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട് .<br><br>**1.** <u>കരിക്കുലം പരിഷ്കരണം</u>**:** വിദേശ സർവ്വകലാശാലകൾ പൊതുവേ പിൻതുടരുന്ന 4 വർഷ ബിരുദ പ്രോഗ്രാമുകൾ സംസ്ഥാനത്ത് ആരംഭിക്കാൻ നടപടികൾ പൂർത്തിയായിട്ടുണ്ട്. ദേശീയ-അന്തർദേശീയ മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണ് നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലവും ക്രെഡിറ്റുകളും നിർവചിച്ചിരിക്കുന്നത്. വിദേശ രാജ്യങ്ങളിലേതുപോലെ |

പൂർണ്ണമായും ക്രെഡിറ്റ് അടിസ്ഥാനമാക്കി ഓരോ വിദ്യാർത്ഥിക്കും സ്വന്തം അഭിരുചികളും ലക്ഷ്യങ്ങളും അനുസരിച്ച് അക്കാദമിക് അഡ്വൈസറുടെ സഹായത്തോടെ സ്വന്തം കഴിവുകൾ വികസിപ്പിക്കാനും പ്രൊഫഷണൽ ലക്ഷ്യങ്ങൾക്ക് സഹായകരമാവുംവിധം വിവിധ വിഷയങ്ങളുടെ കോമ്പിനേഷൻ തെരഞ്ഞെടുത്ത് തന്റെ ബിരുദഘടന രൂപകല്പന ചെയ്യാനുള്ള തരത്തിലുമാണ് കരിക്കുലം രൂപകല്പന ചെയ്തിരിക്കുന്നത്.

**2.** <u>സ്റ്റഡി ഇൻ കേരള പദ്ധതി :</u> അന്താരാഷ്ട്ര വിദ്യാർത്ഥികളെ മുഴുവൻസമയ-ഹ്രസ്വകാല പ്രോഗ്രാമുകളിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള സാധ്യതകൾ കേരളത്തിലുള്ളതിനാൽ കേരളത്തെ ഒരു ഉന്നതവിദ്യാഭ്യാസ ഹബ്ബ് ആക്കി മാറ്റുന്നതിനും കൂടുതൽ വിദ്യാർത്ഥികളെ കേരളത്തിലേക്ക് എത്തിക്കുന്നതിനും ആവശ്യമായ കർമ്മപരിപാടികൾ ഉൾക്കൊള്ളുന്ന ഈ പദ്ധതിയ്ക്ക് കൗൺസിൽ തുടക്കം കുറിച്ചിട്ടുണ്ട്.

**3.** ബിരുദങ്ങളുടെ തുല്യതയും അംഗീകാരവും സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാൻ ഉപകരിക്കുന്ന തരത്തിൽ ഉന്നത വിദ്യാഭ്യാസ കൗൺസിൽ Handbook (Handbook of Equivalency for Academic Programmes/ Degrees of Universities) തയ്യാറാക്കി എല്ലാ സർവ്വകലാശാലകൾക്കും കൈമാറിയിട്ടുണ്ട്.

**4.** സർവ്വകലാശാലകളുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പഠന ഗവേഷണ മേഖലയിലെ മികവ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി സെന്റേഴ്സ് ഓഫ് എക്സലൻസും ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകളും ആരംഭിച്ചിട്ടുണ്ട്.

**5.**വിദേശരാജ്യങ്ങളിലേയ്ക്കുള്ള വിദ്യാർത്ഥികളുടെ കുടിയേറ്റം നിരുത്സാഹപ്പെടുത്തുന്നതിനുള്ള നടപടിയെന്ന നിലയിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിനു കീഴിൽ ഒന്നാമത്തെ ഘട്ടമായി Industry Academia Government Conclave ഈ വർഷം ജൂലൈ അവസാനത്തിലും ആഗസ്റ്റ് ആദ്യവാരത്തിലുമായി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിനെ തുടർന്ന് Redefining Engineering Education workshop-കൾ സംസ്ഥാനത്ത് ഉടനീളം പല തട്ടുകളിലായി സംഘടിപ്പിക്കുവാനും ഉദ്ദേശിക്കുന്നു. അതിലൂടെ എൻജിനീയറിങ് വിദ്യാഭ്യാസ മേഖലയിൽ സമ്പൂർണ്ണ പരിഷ്കരണവും ലക്ഷ്യമിടുന്നു.

| | | | |
|---|---|---|---|
| | | | **6.** എ.പി.ജെ.അബ്ദുൾകലാം സാങ്കേതിക സർവകലാശാല കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട്, 2024 - 25 അക്കാദമിക വർഷം ബി.ടെക് പാഠ്യ പദ്ധതിയും സിലബസും പരിഷ്കരണം നടത്തിയിട്ടുണ്ട്.<br><br>കാലാനുസൃതമായി കരിക്കുലം, സിലബസ് എന്നിവ പരിഷ്കരിക്കാൻ ഇൻഡസ്ട്രിയിൽ നിന്നുള്ള വിദഗ്ധരുടെ പങ്കാളിത്തത്തോടെ, ഇൻഡസ്ട്രിയൽ ഇലക്ടീവ്സ്, മൈനർ തുടങ്ങിയ നൂതന ആശയങ്ങൾ പരിഷ്കരിച്ച സിലബസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കരിക്കുലത്തിന്റെ ഭാഗമായി തന്നെ വൻകിട വ്യവസായ സ്ഥാപനങ്ങളിൽ ബി.ടെക്., എം..ടെക്. വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ് സൗകര്യങ്ങളും സർവകലാശാല ഒരുക്കിയിട്ടുണ്ട്. സർവകലാശാല സെൻട്രലൈസ്ഡ് പ്ലെയ്സ്മെന്റ് ഡ്രൈവ് എല്ലാവർഷവും നടത്തുന്നുണ്ട്. നൂതന തൊഴിൽ നൈപുണ്യ സാധ്യതകൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള Bachelor of Vocational Studies പ്രോഗ്രാം ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എല്ലാ അഫിലിയേറ്റഡ് കോളേജുകളിലും ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം ഉപയോഗപ്പെടുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | എങ്കിൽ ഇത് നിരുത്സാഹപ്പെടുത്താൻ ഉന്നത വിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കുന്ന പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | (ബി)-.യിൽ മറുപടി നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ